വ്യക്തിത്വം

# അസ്തമിച്ചിട്ടും പ്രകാശിക്കുന്ന താരങ്ങൾ

**കെ.കെ.എം ജമാലുദ്ദീൻ മൗലവി**

കേരളമുസ്‌ലിം മതപണ്ഡിതമണ്ഡലത്തിൽ അനിതരസാധാരണമായ പ്രഭയോടുകൂടി മിന്നിത്തിളങ്ങിയിരുന്ന ഉജ്ജ്വല താരങ്ങളാണ് എം.സി.സി സഹോദരന്മാർ-അഹ്മദ് മൗലവി, അബ്ദുർറഹ്മാൻ മൗലവി, ഹസൻ മൗലവി എന്നീ മൂന്നു ഉലമാക്കൾ. മൗലാനാ മർഹൂം ചാലിലകത്ത് കുഞ്ഞഹ്മ്മദ് ഹാജിയുടെ പുത്രന്മാരാണവർ. മലയാള നാട്ടിലെ മതശിക്ഷണ സമ്പ്രദായത്തിന്റെ അലകും പിടിയും മാറ്റി പുരോഗമനപരമായ പുതിയ രൂപം കൊടുക്കുകയും പള്ളി ദർസുകളിൽ മുമ്പ് കൈകാര്യം ചെയ്യപ്പെട്ടിട്ടില്ലാത്ത ഖഗോളശാസ്ത്രമാദിയായവ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ചെയ്ത സമുദായ പരിഷ്കർത്താവാണ് കുഞ്ഞഹമ്മദ് ഹാജി. സുലൈമാൻ മുസ്‌ലിയാരും കൂട്ടായി ബാവ മൗലവിയും ഖുത്ബി മുഹമ്മദ് മുസ്‌ലിയാരും കെ.എം മൗലവിയുമെല്ലാം അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. മൗലാനായും ശിഷ്യന്മാരും അന്നത്തെ യാഥാസ്ഥിതികന്മാരായ മുസ്‌ലിയാക്കളുടെ എണ്ണമറ്റ ആക്ഷേപങ്ങൾക്ക് പാത്രമായിരുന്നുവെങ്കിലും ഇപ്പോൾ അദ്ദേഹത്തെ കുറ്റം പറയുന്ന ഒരൊറ്റ കുട്ടിയെയും എവിടെയും കാണാനില്ല. അദ്ദേഹത്തിന്റെ പേനത്തുമ്പിൽ നിന്നുടലെടുത്ത മദ്റസാ സമ്പ്രദായത്തെ ഉന്മൂലനം ചെയ്യാൻ കച്ച കെട്ടി പുറപ്പെട്ടിരുന്ന കൊമ്പന്മാരുടെ പിൻഗാമികളെല്ലാം ഇപ്പോൾ മദ്റസാ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിക്കുകയാണ്.

മൗലാനാ ഉദ്ദേശിച്ചിരുന്ന ക്രമത്തിൽ പഠനം തുടർന്നുപോന്ന സന്താനങ്ങളാണ് എം.സി.സിമാർ. അനിതര സാധാരണമായ ബുദ്ധി വൈഭവം അവരുടെ കുടുംബസ്വത്താണ്. വിശ്രമമില്ലാത്ത പരിശ്രമശീലം അവരുടെ കൂടപ്പിറപ്പും. തന്നിമിത്തം തങ്ങൾ പ്രവേശിച്ച രംഗങ്ങളിലെല്ലാം വിജയം വരിക്കാൻ ആ മൂന്നു സഹോദരന്മാർക്കും ഒരു വിഷമവുമുണ്ടായില്ല.

ഞാൻ കാസർകോട് വലിയ ജുമുഅത്ത് പള്ളിയിൽ കിതാബോതി താമസിക്കുന്ന കാലത്ത് എന്റെ ഉസ്താദ് തറക്കണ്ടി അബ്ദുർറഹ്മാൻ മുസ്‌ലിയാർ (ആയഞ്ചേരി) 'കുഞ്ഞഹമ്മദാജിയുടെ മക്കളെ'പ്പറ്റി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'അവർ ഐക്യസംഘക്കാരാണെങ്കിലും കിതാബ് തിരിയുന്ന കുട്ടികളാണ്' എന്ന്. ഇതേമാതിരി അഭിപ്രായം തന്നെ തന്റെ കൂട്ടുകാരായ മൂസാ മൗലവി, കെ.എം മൗലവി മുതലായവരെപ്പറ്റിയും അദ്ദേഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. ഐക്യസംഘക്കാരെ കണ്ടമാനം അധിക്ഷേപിക്കുന്ന ആളല്ലായിരുന്നു ഉസ്താദ്. എന്നാൽ ദർസിലുള്ള വിദ്യാർഥികളായ ഞങ്ങളിൽ 'ഐക്യക്കാരെ' കണക്കിലേറെ ദുഷിക്കുന്നവരും കുറെയൊക്കെ അനുകൂലിച്ച് സംസാരിക്കുന്നവരുമുണ്ടായിരുന്നു. തങ്ങൾ കുറ്റാരോപണം ചെയ്യുന്നതെന്തിന്; അഭിനന്ദിക്കുന്നതിന്റെ കാരണമെന്ത് എന്നൊന്നും തെളിവു മുഖേന വിവരിക്കാൻ രണ്ടുകൂട്ടർക്കും കഴിഞ്ഞിരുന്നതുമില്ല. അവർ ഔലിയാക്കന്മാർക്ക് കറാമത്തില്ലെന്നും 'സിയാറത്തുൽ ഖുബൂർ' പാടില്ലെന്നും മറ്റും വാദിക്കുന്നുണ്ടെന്നാണ് വിമർശകരുടെ വാദം. അതിനുള്ള തെളിവാണെങ്കിലോ, കേട്ടുകേൾവികൾ മാത്രവും!

ഞാൻ അക്കാലത്തു പരേതാത്മാക്കളെ വിളിച്ചു സഹായം തേടിക്കൊണ്ട് പദ്യങ്ങളെഴുതുന്ന ആളായിരുന്നു. എങ്കിലും കേട്ടുകേൾവികളെ മാത്രം ലക്ഷ്യമാക്കി 'കിതാബു തിരിയുന്ന' മഹാന്മാരെ കുറ്റം പറയാൻ ഞാൻ ഇഷ്ടപ്പെടാറില്ല. ഒരിക്കൽ നാട്ടിൽ വന്നു തിരിച്ചു ചെന്നപ്പോൾ കേട്ടു, എം.സി.സി അബ്ദുർറഹ്മാൻ മൗലവി വന്നിരുന്നു; ഉസ്താദുമായി ദീർഘനേരം സംസാരിച്ചിരുന്നു; മാലിക്ക് ദീനാറുടെ 'മഖാമു' സിയാറത്ത് ചെയ്യാതെയാണ് പോയത് എന്ന്. പ്രശസ്തവും അലംകൃതവുമായ ഒരു മഖാം പള്ളി മതിലിനോടു ചേർന്നു തന്നെയുണ്ടായിട്ടും അതൊന്നു നോക്കുക കൂടി ചെയ്യാതെ തിരിച്ചുപോയി എന്നു കേട്ടതിൽ എനിക്കും അൽപമൊരു സുഖം തോന്നാതിരുന്നില്ല. ആളുകൾ പറയുന്നതൊക്കെ നേരുതന്നെയായിരിക്കുമോ എന്നൊരു സംശയം.

എന്റെ കൂടെ 'ഖുത്ബി' ഓതുന്ന കൂട്ടത്തിൽ ഏറ്റവും മുതിർന്നയാൾ പരേതനായ എൻ. മമ്മുഞ്ഞി മാസ്റ്ററാണ്. ഐക്യക്കാരനാണ് അദ്ദേ

ഹമെന്നാണു വയ്പ്. മാസ്റ്ററുടെ ബുദ്ധിസാമർഥ്യവും മതഭക്തിയും കൃത്യനിഷ്ഠയുമൊന്നും ആരും നിഷേധിക്കാറുമില്ല. എനിക്കദ്ദേഹത്തിന്റെ നേരെ വലിയ ബഹുമാനവുമായിരുന്നു. ''എം.സി.സി അബ്ദുർറഹ്മാൻ മൗലവി സിയാറത്തു ചെയ്യാതെ പോയതു നന്നായില്ല.'' എന്റെ മനസ്സിലുണ്ടായിരുന്ന ആക്ഷേപം മാസ്റ്ററെ അറിയിച്ചു. എം.സി.സിയും മറ്റും സിയാറത്തിനെ നിഷേധിക്കുന്നുണ്ടെന്ന് പറയുന്നത് ശുദ്ധ കള്ളമാണ്. അങ്ങനെയൊരു വാദം ഐക്യസംഘത്തിന്നുമില്ല. ഏതായാലും സിയാറത്തു ചെയ്യാതെയാണദ്ദേഹം പോയതെങ്കിൽ അദ്ദേഹം തെറ്റു ചെയ്തെന്നു പറഞ്ഞുകൂടാ; സിയാറത്ത് 'വാജിബാ'ണെന്നാരെങ്കിലും പറയുന്നുണ്ടോ? കെട്ടിയുണ്ടാക്കി ഉയർത്തിയ ഖബ്ർ സിയാറത്തു ചെയ്യാത്തതിനെപ്പറ്റിയാണീ ആക്ഷേപം. കെട്ടിപ്പൊന്തിക്കാത്ത എത്രയെങ്കിലും ഖബ്റുകൾ എല്ലാ നാട്ടിലും കാണും. അവിടങ്ങളിലൊക്കെ സിയാറത്ത് ചെയ്ത് ദുആ ഇരക്കാതെ ആരെങ്കിലും കടന്നുപോയാൽ ആക്ഷേപം കേൾക്കാറുണ്ടോ? യഥാർഥത്തിൽ, ആക്ഷേപിക്കുന്നത് ഖബ്ർ സിയാറത്തു ചെയ്യാത്തതിനെ ച്ചൊല്ലിയല്ല; പടുത്തുയർത്തിയ 'മഖാമി'നെ ബഹുമാനിക്കാത്തതിന്റെ പേരിലാണ് എന്നുവേണം വിചാരിക്കാൻ. അതു പോകട്ടെ, ഇന്നാട്ടിലെ പൊതു ജനങ്ങൾ "അല്ലാഹുവിന്റെയും, മാലികുദ്ദീനാറുടെയും സഹായംകൊണ്ട്'' എന്നിങ്ങനെ അല്ലാഹുവിനെയും മാലികുദ്ദീനാറെയും ഒന്നിച്ചുകൂട്ടി പറയുന്നത് പലപ്പോഴും നമ്മൾ കേൾക്കാറില്ലേ? തങ്ങൾക്ക് കിട്ടുന്ന അനുഗ്രഹങ്ങളാസകലവും അല്ലാഹുവും മാലികുദ്ദീനാറും കൂടി ചെയ്തു തരുന്നതാണെന്നല്ലേ അതിന്റെ സാരം? അതൊക്കെയല്ലേ ആക്ഷേപിക്കേണ്ടതും തിരുത്തേണ്ടതും? മാസ്റ്റർ പറഞ്ഞു: ആ സംഭാഷണം അര മണിക്കൂർ നേരത്തോളം തുടർന്നു. അത് എന്റെ ഹൃദയത്തിൽ എന്തോ ഒരു ചലനം സൃഷ്ടിച്ചു. ചില പള്ളികളുടെ സമീപം ഉയർന്നുകാണുന്ന 'മഖാമുകൾ' ഒരു തരം ആരാധ്യവസ്തുക്കൾ തന്നെയാണെന്നു നിഷ്പക്ഷ ചിന്തകനെ ബോധ്യപ്പെടുത്താൻ തികച്ചും പര്യാപ്തമായിരുന്നു ആ സംസാരം. 1930-ലോ 31-ലോ ആണത്.

ദിവസങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. ഐക്യക്കാരുടേതാണെന്നു പറയപ്പെടുന്ന പ്രസിദ്ധീകരണങ്ങളിൽ പലതും എനിക്ക് കാണാൻ കഴിഞ്ഞു. അവർ 'വഹാബി'കളാണെന്ന ആക്ഷേപവും കേട്ടു തുടങ്ങി. 'റദ്ദുൽ വഹാബിയ്യ' തർജമയും കണ്ടു. ചെറിയ ചെറിയ ചില പ്രസിദ്ധീകരണങ്ങൾ വേറെയും. കിട്ടുന്നതൊക്കെ ഞാൻ വായിച്ചു നോക്കുകയും ചെയ്തു.

ഒരിക്കൽ നാട്ടിൽ വന്നപ്പോൾ അബ്ദുല്ലക്കുട്ടി മൗലവി കുറ്റ്യാടിയിൽ 'വഅള്' പറയുന്നുണ്ടെന്നു കേട്ടു. 'വഹാബി'കളെ അനുകൂലിക്കുന്ന വഅളാണെന്നും! ഞാനും ചില സ്നേഹിതന്മാരും കേൾക്കാൻ ചെന്നു. മുഹ്യിദ്ദീൻ മാലയിലുള്ള ചില വരികളുദ്ധരിച്ച് ഖണ്ഡിക്കുന്നതാണ് കേട്ടത്. ഖുർആൻ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണു ഖണ്ഡനം. എന്നോടൊന്നിച്ചുണ്ടായിരുന്ന ചിലർക്കൊന്നും അതത്ര പിടിച്ചിരുന്നില്ല. പാതിരാക്കുശേഷമുള്ള ഞങ്ങളുടെ മടക്കത്തിൽ കുറ്റ്യാടിയിൽനിന്ന് ഏഴു നാഴികയോളം ദൂരം(ആയഞ്ചേരി) എത്തുന്നതുവരെ ഞാനും കൂട്ടുകാരും തമ്മിൽ വാദപ്രതിവാദം നടന്നു. ദിവസങ്ങൾ അധികം കഴിയുന്നതിനു മുമ്പായി ജനങ്ങൾ എന്നെയും ആക്ഷേപിച്ചു തുടങ്ങി.

കുറ്റ്യാടി നടന്ന ആ 'വഅള്' പരമ്പര പരിസര പ്രദേശങ്ങളിൽ കോളിളക്കം സൃഷ്ടിച്ചു. മരുതോങ്കര ഖാദി മമ്മദ് മുസ്‌ലിയാർ 11 ചോദ്യങ്ങളയച്ചു. മൗലവിസാഹിബ് മറുപടി കൊടുക്കുകയും 'ഒരു വിളംബരം' എന്ന ശീർഷകത്തിൽ അറബിമലയാള നോട്ടീസായി പ്രസിദ്ധപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. അതുകണ്ട് മുസ്‌ലിയാർ ലോകം തുള്ളി. ഇ.വി മൊയ്തീൻ മുസ്‌ലിയാർ 'അൽ ഇഅ്‌ലാൻ' എന്ന പേരിൽ അറബിമലയാളത്തിൽതന്നെ മൗലവിക്കെതിരെ നോട്ടീസിറക്കി വിട്ടു. അനന്തരം ഒരു നോട്ടീസ് സമരം തന്നെ നടന്നു. മത്സരം മൂത്ത് സമാധാനഭംഗം നേരിട്ടേക്കുമെന്ന നിലയിലെത്തി. അബ്ദുല്ലക്കുട്ടി മൗലവിയെ നാദാപുരത്തങ്ങാടിയിൽ വച്ചു കുറെ മുസ്‌ലിയാക്കളും സിൽബന്തികളും വളഞ്ഞു. കുറ്റ്യാടിക്കു പോകുന്ന ബസ്സ് വന്നതുകൊണ്ടാണ് ദേഹോപദ്രവമേൽക്കാതെ മൗലവി രക്ഷപ്പട്ടത്. ഈ വഴക്കിനൊരറുതി വരുത്താൻ ഇരുകക്ഷികൾ തമ്മിൽ ന്യായമായ നിലയിൽ ഒരു വാദപ്രതിവാദം നടത്തുന്നതുപകരിക്കുമെന്നു കുറ്റ്യാടിയിലെ ഏതാനും പ്രധാനികൾക്കു തോന്നി. അവർ നാദാപുരത്തു വന്ന് ഖുത്ബി മുഹമ്മദ് മുസ്‌ലിയാരെയും മറ്റും കണ്ട് സംസാരിച്ചു. ഒന്നിലധികം കൂടിയാലോചനകൾ നടത്തി. അവസാനം കുറ്റ്യാടിവച്ചു വാദപ്രതിവാദം നടത്താമെന്നുറച്ചു തിയ്യതി തീർച്ചപ്പെടുത്തി പിരിഞ്ഞു.

മുസ്‌ലിയാന്മാർ വാദപ്രതിവാദത്തിന്നൊരുങ്ങി വരുമെന്നുള്ള ഉറച്ച പ്രതീക്ഷയുണ്ടായതിനാൽ അബ്ദുല്ലക്കുട്ടി മൗലവി കിതാബുകൾ വരുത്തി തെളിവുകൾ ശേഖരിക്കാൻ തയാറാകേണ്ടിവന്നു. 'ഇത്ഹാഫ്' രണ്ടാം വാല്യം എത്തിച്ചുകൊടുക്കാൻ എന്നോടോണാവശ്യപ്പെട്ടിരുന്നത്. 'ഹഃഖ്' കൊണ്ടുള്ള തേട്ടം തെറ്റാണെന്ന് ഇത്ഹാഫിൽ ഉണ്ട്. കിതാബ് കൊണ്ടുപോയി കൊടുക്കുമ്പോൾ അബ്ദുല്ലക്കുട്ടി മൗലവി താമസിക്കുന്ന ബംഗ്ലാവിലുണ്ട് എം.സി.സി അബ്ദുർറഹ്മാൻ മൗലവിയും ഒന്നു രണ്ട് മൗലവിമാരും, കിതാബുകൾ നോക്കി തെളിവുകൾ തെരഞ്ഞെടുക്കുന്ന തിരക്കിലാണ്. എന്നെ ആരോ പരിചയപ്പെടുത്തിയിരുന്നുവെന്നു തോന്നുന്നു. പക്ഷേ, ഞങ്ങൾ തമ്മിൽ ശരിയായ സമ്പർക്കം പുലർത്താൻ അന്നു സൗകര്യമുണ്ടായില്ല. അക്കൂട്ടത്തിൽ ഭാഗഭാക്കാകാൻ ഞാൻ ഒരുങ്ങിയതു

മില്ല. അതിനുമാത്രം ഞാനായിട്ടില്ലെന്നാണെനിക്ക് അന്നുള്ള വിശ്വാസം. അൽപം വിട്ടുനിന്ന് അവരുടെ പ്രവൃത്തികൾ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ് ഞാൻ ചെയ്തത്. ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടത് അന്നാണ്. കേമനായ ഒരു യുവപണ്ഡിതൻ–കുഞ്ഞഹമ്മദ് ഹാജിയുടെ മകൻ! വസ്ത്രങ്ങൾ മുഴുവൻ ഖദർ! 34 മണിക്കൂറോളം ഞാനവിടെ കഴിച്ചു കൂട്ടി. അദ്ദേഹവും കൂട്ടുകാരും ജോലിയിൽനിന്നു വിരമിക്കുന്ന ലക്ഷണമില്ല. സന്ധ്യക്കു മുമ്പായി നാട്ടിലെത്തേണ്ടതുള്ളതിനാൽ ഞാൻ മടങ്ങി.

ആ വാദപ്രതിവാദത്തിന് മുസ്‌ലിയാന്മാർ വന്നില്ല. യോഗത്തിന്റെ ചെലവിലേക്കു കുറ്റ്യാടിക്കാർ പണം പിരിക്കാനൊരുങ്ങുന്നുണ്ടെന്നറിഞ്ഞപ്പോൾ 'വാദപ്രതിവാദമോ ധനശേഖരണമോ' എന്നൊരു നോട്ടീസിറക്കി ഒഴിഞ്ഞുമാറുകയാണ് അവർ ചെയ്തത്.

നിശ്ചിത ദിവസം തന്നെ മദ്റസത്തുൽ ഇസ്‌ലാമിയ്യയിൽ മൗലവിമാരുടെ യോഗം നടന്നു. കെ.എം സീതിസാഹിബ്(മർഹൂം) ആയിരുന്നു അധ്യക്ഷൻ. മുസ്‌ലിയാന്മാരുടെയും സിൽബന്തികളുടെയും ആക്ഷേപങ്ങൾക്ക് വിധേയനായ ഒരാളായിരുന്നു സീതി സാഹിബ്. എം.സി.സി ഹസൻ മൗലവിയുണ്ടായിരുന്നു അന്ന്. അവർക്കു പുറമെ ഇ. മൊയ്തുമൗലവി, ഇ.കെ മൗലവി, പി.എൻ മുഹമ്മദ് മൗലവി മുതലായ തലയെടുപ്പുള്ള പല പണ്ഡിതന്മാരും അന്നത്തെ പ്രാസംഗികന്മാരാണ്. കൂട്ടത്തിൽ ഏറ്റവും പ്രായം കുറഞ്ഞയാളാണ് ഹസൻ മൗലവി. വിവാദ വിഷയങ്ങളിലോരോന്നിനെ സംബന്ധിച്ചുള്ള തെളിവുകൾ കിതാബുകൾ തുറന്നു വായിച്ചുകൊണ്ടാണ് പ്രസംഗങ്ങൾ. സദസ്യരിൽ അതു വമ്പിച്ച മാറ്റം വരുത്തിയിട്ടുണ്ടായിരിക്കണം.

നിശ്ചയിച്ച വാദപ്രതിവാദത്തിൽ പങ്കെടുക്കാതിരുന്നതിന് പല ന്യായങ്ങളും മുസ്‌ലിയാന്മാർ പറഞ്ഞു നോക്കിയിട്ടൊന്നും ഓട്ടയടഞ്ഞില്ല. പൊതുജനങ്ങൾക്കതൊരു സംസാര വിഷയമായി. അത് താങ്കൾക്കൊരു നീങ്ങാക്കറയായി അവശേഷിച്ചേക്കുമെന്നു മുസ്‌ലിയാന്മാർക്ക് തന്നെയും തോന്നിത്തുടങ്ങി. ആ കുറവ് നികത്താനായി അവർ ഖുത്ബി മുഹമ്മദ് മുസ്‌ലിയാരുടെ അധ്യക്ഷതയിൽ നാദാപുരത്ത് ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ നിശ്ചയിച്ചു. മൗലവിമാരെയും ക്ഷമമിച്ചുകൊണ്ടു നോട്ടീസിറക്കി. തങ്ങളോടന്വേഷിക്കാതെ നിശ്ചയിച്ച ആ യോഗത്തിൽ മൗലവിമാർക്ക് സംബന്ധിക്കേണ്ട കടമയുണ്ടായിരുന്നില്ലെങ്കിലും 'ഞങ്ങൾ വരാൻ തയ്യാർ' എന്നു അബ്ദുല്ലക്കുട്ടി മൗലവി നോട്ടീസുമുഖേന അറിയിച്ചതിനെത്തുടർന്ന് കുറ്റ്യാടി യോഗത്തിലുണ്ടായിരുന്ന എല്ലാ മൗലവിമാരും മുസ്‌ലിയാക്കളുടെ വെല്ലുവിളിയെ നേരിടുക തന്നെ ചെയ്തു. എട്ടു കവുങ്ങ് നീളത്തിൽ, അഞ്ച് കവുങ്ങ് വീതിയിൽ പുളിക്കൂൽ പാലത്തിനു സമീപം കെട്ടിയുണ്ടാക്കിയ ഒരു വിശാലമായ പന്തലിലാണ് യോഗം. യോഗത്തിൽ തടിച്ചുകൂടിയ വൻ ജനാവലിയിൽ 99% വും യാഥാസ്ഥിതികന്മാർ തന്നെ. അധ്യക്ഷൻ ഖുത്ബിയും. മുസ്‌ലിയാന്മാർ സ്റ്റേജിൽ സ്ഥലമുറപ്പിച്ചു. മൗലവിമാർക്കു കണക്കാക്കിയിരുന്നത് താഴെയിട്ടിരുന്ന ബെഞ്ചുകളാണ്. അവരുടെ കൈവശമുണ്ടായിരുന്ന കിതാബുകൾ വെയ്ക്കാനും സൗകര്യത്തിലിരിക്കാനും ആ ബെഞ്ചുകളിൽ സ്ഥലമുണ്ടായിരുന്നില്ല. ആഗതർക്ക് സേവനം ചെയ്യാൻ വളണ്ടിയർമാരുണ്ടായിരുന്നില്ല. തലശ്ശേരിയിൽനിന്ന് പോലീസ് സൂപ്രണ്ട് കലീമുല്ലാഹ് സാഹിബും സീതിസാഹിബും വന്നിരുന്നു. കണ്ണിയത്ത് അഹ്മദ് മുസ്‌ലിയാർ മുതൽ കുറെ മുസ്‌ലിയാക്കളാണു ചോദ്യക്കാർ. അബ്ദുല്ലക്കുട്ടി മൗലവി മുതൽ പേർ മറുപടിക്കാരും. മൗലവി സാഹിബ് ഇറക്കിയിരുന്ന വിളംബരം കൈയിൽ പിടിച്ചുകൊണ്ടാണ് ചോദ്യം. ചോദ്യോത്തരങ്ങൾ തുടങ്ങി. സമുചിതമായ മറുപടികൾ കൊടുത്തുപോരുന്നതിനിടയിൽ 'വസീലത്ത്' എന്നു സ്വർഗത്തിൽ ഒരു സ്ഥാനമുണ്ട്. വിളംബരത്തിലുള്ള ഒരു വാക്കാണത്. ഇതിന്നു തെളിവെന്ത് എന്നൊരു ചോദ്യം വന്നു. 'സ്വഹീഹ് മുസ്‌ലിമിലുണ്ട്. കിതാബ് തന്നാൽ എടുത്തു കാണിച്ചുതരാം; ഞങ്ങൾ സ്വഹീഹു മുസ്‌ലിം കൊണ്ടുവന്നിട്ടില്ല' എന്നു പറയുമ്പോഴേക്കും 'കിതാബില്ല; മൗലവിമാർ കിതാബു കൊണ്ടുവന്നിട്ടില്ല' എന്നു ജനങ്ങൾ ആർത്തുവിളിച്ചു കൈമുട്ടി. കുറെ മിനുട്ടുകളോളം ആ ബഹളം നീണ്ടുനിന്നു. കലീമുല്ലാ സാഹിബ് സമാധാനപ്പെടുത്തുന്നുണ്ടായിരുന്നു. ആളുകൾ കേൾക്കേണ്ടേ? ഉച്ചഭാഷിണിയുടെ ഉപയോഗം അന്നില്ലതാനും. 'നിങ്ങൾ കൈമുട്ടി ബഹളമുണ്ടാക്കുകയാണെങ്കിൽ ഞാൻ യോഗം പിരിച്ചുവിടും' എന്ന് താക്കീതു ചെയ്യേണ്ടിവന്നു. സീതിസാഹിബ്, അത് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ചോദ്യോത്തരങ്ങൾ പിന്നെയും ഉച്ചവരെ സമാധാനപരമായിതന്നെ നടന്നു. ഉച്ചയ്ക്കു നിർത്തിവെച്ച ശേഷം വീണ്ടും തുടങ്ങിയപ്പോൾ കറാമത്തിനെ സംബന്ധിച്ചാണു ചോദ്യമുണ്ടായത്. 'അത് മുറിഞ്ഞു പോകുകയില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം.' തെളിവായി *ലാ തൻഖതിഉ ബിൽമൗത്തി* എന്നുള്ള ഇബാറത്ത് വായിച്ചു. തർജമ ചെയ്തപ്പോൾ 'മുറിഞ്ഞുപോകും' എന്നു പിശകായി പറഞ്ഞുപോയി. 'മുറിഞ്ഞു പോകയില്ല' എന്നു എം.സി.സി അബ്ദുർറഹ്മാൻ മൗലവി തിരുത്തി. എതിർ കക്ഷി അതുകേട്ട ക്ഷണത്തിൽ 'ലാ' കട്ടോ എന്നു ചോദിച്ചതും മൗലവിമാർ 'ലാ' കട്ടു ആർത്തുവിളിച്ചു കൈമുട്ടിയതും ഒന്നിച്ചു കഴിഞ്ഞു. കലീമുല്ലാഹ് സാഹിബ് ചാടി എഴുന്നേറ്റുനിന്നു. ഇനി യോഗം തുടരാൻ പാടില്ല. ചോദ്യോത്തരങ്ങളൊക്കെ നിലച്ചു. റമദാനിനു ശേഷം ശരിയായ വ്യവസ്ഥയോടുകൂടി വീണ്ടും വിളിച്ചുകൂട്ടാൻ അധ്യക്ഷനെ ഏൽപിച്ചു യോഗം പിരിഞ്ഞു. മൗലവിമാരെല്ലാം കിത്താബും കെട്ടുമായി ഉടനെ തന്നെ സ്ഥലം വിട്ടു. 1933 മാർച്ചിലാണത്. അന്നാണ് ഞാൻ കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാരെ കണ്ടത്. എം.

സി.സി അബ്ദുർറഹ്മാൻ മൗലവി കൊണ്ടുവന്നതായിരുന്നു അദ്ദേഹത്തെ. ഇതാണ് നാദാപുരത്തുനിന്നു മൗലവിമാർ 'ലാ' കട്ടു എന്നു പറഞ്ഞുപരത്തിയ സംഭവത്തിന്റെ ചുരുക്കം. ഒരുഭാഗം ജനങ്ങളധികമുണ്ടായാൽ എന്താണ് പറഞ്ഞു പ്രചരിപ്പിച്ചു കൂടാത്തത്?

എം.സി.സി അഹ്മദ് മൗലവിയെ ആദ്യമായി കണ്ടത് പട്ടാമ്പിയിൽ വച്ചാണ്. 1935-ൽ അഫ്ദലുൽ ഉലമാ പരീക്ഷക്ക് സംസ്കൃത കോളേജിൽ എം.സി.സിമാർ മൂവരും പി.എൻ മുഹമ്മദ് മൗലവിയും വരുമ്പോൾ ഞാനുമുണ്ടായിരുന്നു അവിടെ. ഹസൻ മൗലവി പ്രിലിമിനറിക്കും മറ്റുള്ളവരെല്ലാം ഫൈനലിനും. പ്രിലിമിനറിക്കാരനാണ് ഞാനും. എം.സി.സിമാരുമായി എനിക്കുള്ള സമ്പർക്കത്തിന്റെ തുടക്കം അവിടെ മുതലാണെന്നു പറയാം.

ഫൈനൽ പരീക്ഷക്ക് '36-ൽ ഞാനും ഹസൻ മൗലവിയും മാത്രമേ പട്ടാമ്പിയിലുണ്ടായിരുന്നുള്ളൂ. അന്യോന്യം നടന്ന കത്തുകളനുസരിച്ച് പരീക്ഷയ്ക്ക് 5 ദിവസം മുമ്പായി ഞങ്ങളവിടെ ഒരുമിച്ചു കൂടി. ആ കൂട്ടുകെട്ട് എനിക്ക് വളരെ ഉപാകാരപ്രദമായി. എത്ര കടുകട്ടിയായ വിഷയവും ഹസൻ മൗലവിയുടെ ഹൃദയത്തിൽ ഉരുകാതെ പോകുകയില്ല. അങ്ങനെത്തന്നെ എത്ര ഗുരുതരമായ വസ്തുവും അദ്ദേഹം ഉരുക്കിപ്പാർന്നുകൊടുത്താൽ ആർക്കും ദഹിക്കാതിരിക്കയുമില്ല. അദ്ദേഹത്തിന്റെ പ്രത്യേകതയാണത്. അനന്യസാധാരണമായ വിവരണ സാമർഥ്യം! ആ കഴിവുറ്റ അധ്യാപകൻ 1948-ലാണ് നിര്യാതനായത്.

ഇസ്‌ലാഹീ പ്രസ്ഥാനത്തിൽ ഉയർന്നു തിളങ്ങിയിരുന്ന ആ പണ്ഡിത നക്ഷത്രം പെട്ടെന്നസ്തമിച്ചു പോയതിനാലുണ്ടായ കൂരിരുട്ട് ആളുകളെ അധികമൊന്നും അമ്പരപ്പിച്ചില്ല; ശോഭയേറിയ മൂത്ത സഹോദരന്മാർ സേവന മണ്ഡലത്തിൽ അവശേഷിക്കുന്നതുകൊണ്ട്. ഇതുതന്നെയാണ് മൂത്ത മകൻ അഹ്മദ് മൗലവിയുടെ നിലയും. അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും അതുല്യമായ ചിന്താശക്തിയും ആരെയും അത്ഭുതപ്പെടുത്തുന്നവയാണ്. ഖുർആൻ, ഹദീസ്, അറബി സാഹിത്യം എന്നിവയ്ക്ക് പുറമെ, ക്ഷേത്രഗണിതം, ബീജഗണിതം, ഗോളശാസ്ത്രം മുതലായ വിഷയങ്ങളിലും നിസ്തുലമായ ഒരു വിജ്ഞാനഭണ്ഡാരമായിരുന്നു അഹ്മദ് മൗലവി. '62-ൽ അദ്ദേഹം മൃതിയടഞ്ഞപ്പോൾ മൗലാനയുടെ മക്കളിൽ ആളുകളുടെ ആശാകേന്ദ്രമായി അവശേഷിച്ചത് അബ്ദുർറഹ്മാൻ മൗലവിയാണ്. സുപ്രസിദ്ധനായ ഒരു പണ്ഡിതൻ മാത്രമല്ല അദ്ദേഹം. സമർഥനായ സേവകനും പ്രാപ്തനായ സമുദായോദ്ധാരകനും തന്ത്രജ്ഞനായ ഒരു ഭരണനിപുണനും കൂടിയായിരുന്നു. സ്മര്യപുരുഷന്റെ തലച്ചോറിൽനിന്ന് ജന്മമെടുത്തതാണ് മദീനത്തുൽ ഉലൂം അറബിക്കോളേജ്. വിശപ്പുതീർത്താഹാരം കഴിക്കാൻ തരപ്പെടാത്ത വിദ്യാർഥികളും കൃത്യമായി വേതനം ലഭിക്കാത്ത അധ്യാപകന്മാരും ആ സ്ഥാപനത്തോടു പ്രകടിപ്പിക്കുന്ന അതിരറ്റ കൂറു കാണുമ്പോൾ അതിന്റെ കൈകാര്യക്കാരന്റെ ഭരണസാമർഥ്യത്തിൽ ആരും ആശ്ചര്യപ്പെടാതിരിക്കില്ല. കിതാബും സുന്നത്തും പഠിച്ച് അവിടെ നിന്ന് പുറത്തുവരുന്ന പുരുഷന്മാരും സ്ത്രീകളുമായ ഉലമാശിരോമണികളെ എല്ലാവർക്കുമറിയാം. എന്നാൽ, സമുദായോദ്ധാരണാർഥം മൗലവിസാഹിബ് ആസൂത്രണം ചെയ്തുവെച്ച പരിപാടികളിൽ പലതും ഇന്നും അജ്ഞാതമായിക്കിടക്കുകയാണ്. അതിലൊന്നാണ് സകാത്ത് ബിൽ. കേരള മുസ്‌ലിംകൾക്കിടയിൽ ക്രമമായ സകാത്തുവിതരണം നടപ്പിൽ വരുത്താൻ നിയമനിർമാണസഭയിൽ അവതരിപ്പിക്കാൻ തക്കവണ്ണം എഴുതി തയാറാക്കിയതായിരുന്നു അത്. കേരളം ഉടലെടുക്കുന്നതിനു മുമ്പുതന്നെ അതെഴുതിയിരുന്നുവെങ്കിലും നിയമസഭയിൽ അവതരിപ്പിക്കാൻ ഒരു സാമാജികനെയും അദ്ദേഹത്തിന് ലഭിച്ചതായി അറിഞ്ഞിട്ടില്ല.

നാടുനീളെ വ്യാപിച്ചു കിടക്കുന്ന സുന്നീ-മുജാഹിദ് വഴക്കിന് ഒരറുതിവരുത്തി അന്യോന്യമുള്ള തൊട്ടുകൂടായ്മക്കും തെറിപറയലിനും അറുതി വരുത്തണമെന്ന് പരേതന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഇരു കക്ഷികളും ശരിയാ വ്യവസ്ഥയോടുകൂടി ഒരു മേശക്കു ചുറ്റുമിരുന്ന് തെളിവുകൾ നിരത്തിവെച്ചുകൊണ്ട് അഭിപ്രായ വിനിമയം ചെയ്താൽ സത്യം വെളിപ്പെടാതിരിക്കില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം. അതനുസരിച്ച് ആർക്കും ആക്ഷേപത്തിന്നവകാശമില്ലാത്ത ഒരു പദ്ധതി തയാറാക്കി ബഹുഭൂരിഭാഗം മുസ്‌ലിംകളുടെ നേതാവായ സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾക്കയച്ചു കൊടുക്കുകയും ചെയ്തിരുന്നു. മറുകക്ഷിയിൽനിന്നു ന്യായമായ മറുപടി ലഭിക്കാഞ്ഞിട്ടോ എന്തോ ബാഫഖി തങ്ങളിൽനിന്നു വ്യക്തമായ ഒരു മറുപടിയും മൗലവി മരിക്കുന്നതുവരെ കിട്ടിയിട്ടില്ലെന്നാണ് എന്റെ അറിവ്. അതിലൊന്നും നിരാശപ്പെടാതെ ആ സമുദായോദ്ധാരകൻ പിന്നെയും പിന്നെയും അതിന് പരിശ്രമിച്ചു നോക്കിയിട്ടുണ്ട്. അതിലൊന്നാണ് അലസിപ്പിരിയേണ്ടിവന്ന പരപ്പനങ്ങാടി വാദപ്രതിവാദം. അതിന്റെ കൺവീനർ സി.പി മമ്മുക്കേയി ഹാജിസാഹിബ് പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട് നോക്കിയാലറിയാം എതിരാളികൾ എങ്ങനെയാണ് ഒഴിഞ്ഞുമാറിയതെന്ന്. താനുദ്ദേശിച്ച ക്രമത്തിൽ നടത്തപ്പെട്ട ഒരു വിവാദരംഗത്തിലും പങ്കെടുക്കാൻ പരേതനു കഴിഞ്ഞിട്ടില്ലെങ്കിലും നാദാപുരം, കൊടിയത്തൂർ, കടവത്തൂർ, മുക്കം, നെടിയിരിപ്പ്, പൂനൂര് മുതലായ സ്ഥലങ്ങളിൽ നടന്ന വാദപ്രതിവാദങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സമർഥമായ നേതൃത്വമുണ്ടായിരുന്നു.

*എം.സി.സി സ്മാരക ഗ്രന്ഥത്തിലെഴുതിയ ലേഖനം*